**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2046** **11-10-2021 - ൽ മറുപടിയ്ക്ക്**

**സുകൃതം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്യാൻസർ ചികിത്സക്കുള്ള സുകൃതം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ദാരിദ്ര്യ രേഖക്കു താഴെയുള്ള അർബുദ രോഗികൾക്ക് ക്യാൻസർ ചികിത്സാ സഹായം നൽകുന്ന പദ്ധതിയാണ് സുകൃതം. സംസ്ഥാനത്തെ 8 ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിലാണ് രോഗികൾക്ക് 'സുകൃതം' പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. നിലവിലുള്ള ഇൻഷ്വറൻസ് സ്കീമുകൾ നൽകുന്ന ചികിത്സാ സഹായത്തിന് ഉപരിയായി വരുന്ന ചികിത്സാ ചെലവാണ് സുകൃതം പദ്ധതിയിലൂടെ നൽകപ്പെടുന്നത്. ഇതിനായി സംസ്ഥാന സർക്കാർ ഒരു സൊസൈറ്റി രൂപികരിക്കുകയും ധന വിനിയോഗത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സുകൃതം പദ്ധതിയിലൂടെ ചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ വിവരം ലഭ്യമാക്കാമോ; | (ബി) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് സുകൃതം പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. |
| (സി) | സുകൃതം പദ്ധതി മുഖേന ചികിത്സ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (സി) | ദാരിദ്ര്യ രേഖക്കു താഴെയുള്ളവർക്ക് മാത്രമാണ് സുകൃതം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. സംസ്ഥാനത്ത് 8 ആശുപത്രികളിൽ ചികിത്സ തേടുന്ന അർബുദ രോഗികൾക്ക് അവരുടെ നിലവിലെ ഇൻഷ്വറൻസ് പരിധിക്കപ്പുറം ചികിത്സാ ചെലവ് വരുകയാണെങ്കിൽ 3 ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം സുകൃതം പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്. 3 ലക്ഷത്തിന് പുറത്തുള്ള ചികിത്സാ ചെലവ് ഉണ്ടാകുകയാണെങ്കിൽ ക്യാൻസർ സൊസൈറ്റിയുടെ പരിഗണനയ്ക്ക് വിധേയമാക്കി തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ